CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# THE CONSECRATION

## 1981

Printed at
the C. M. S Press, Kottayam

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# CONSECRATION

പ്രൊസെസ്സഷൻ വെസ്ട്രിയിൽ പ്രവേശിക്കുമ്പോൾ താഴെ വരുന്ന പ്രാർത്ഥന പള്ളിയുടെ പ്രവേശനവാതിൽക്കൽ വച്ചു ചൊല്ലണം.

**Collect for Purity,** to be said at the entrance of the Church.
Moderator's Commissary—The Very Rev. A. Joseph Mathew.

സർവ്വശക്തനായ ദൈവമേ, നിനക്ക് സകല ഹൃദയങ്ങളും തുറന്നിരിക്കുന്നവയും സകല ആഗ്രഹങ്ങളും അറിയപ്പെട്ടവയും നിന്നിൽനിന്നു രഹസ്യങ്ങൾ ഒന്നും മറവില്ലാത്തതുമാകുന്നുവല്ലോ. ഞങ്ങൾ നിന്നെ പൂർണ്ണമായി സ്നേഹിപ്പാനും നിന്റെ പരിശുദ്ധ നാമത്തെ യോഗ്യമായി മഹത്വപ്പെടുത്തുവാനും നിന്റെ പരിശുദ്ധാത്മാവിന്റെ നിശ്വാസത്താൽ ഞങ്ങളുടെ ഹൃദയങ്ങളിലെ നിനവുകളെ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം വെടിപ്പാക്കണമെ. ആമെൻ.

**കീർത്തനം 141.** "All people that on earth do dwell"

1. ഭൂവാസികൾ സർവ്വരുമേ,
സന്തോഷം ഉള്ള സ്വരത്തെ
കർത്താവിന്നുയർത്തീടുവിൻ
ആനന്ദത്തോടെ വന്ദിപ്പിൻ.

2 യഹോവാ ദൈവം എന്നുമേ
നാം അല്ല അവൻ മാത്രമേ
നമ്മെ ഉണ്ടാക്കി പാലിച്ചു
തൻ ജനമായ് വീണ്ടെടുത്തു.

3. തൻ ആലയെ പ്രവേശിപ്പിൻ,
ആനന്ദത്തോടെ സ്തുതിപ്പിൻ,
സങ്കീർത്തനങ്ങൾ പാടുവിൻ,
സന്തോഷത്തോടെ ഇരിപ്പിൻ.

4. തൻ സ്നേഹം നിത്യമുള്ളതു
തൻ കൃപ സ്ഥിരമുള്ളത്
തൻ വാഗ്ദത്തങ്ങൾ ഒക്കെയും
എപ്പോഴും താൻ നിവർത്തിക്കും.

**Kauma.** Page 77 of the BCW—Rev. Sam Mathew

ശുശ്രൂഷകൻ: സൈന്യങ്ങളുടെ ദൈവമായ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ആകാശവും ഭൂമിയും നിന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു. മഹോന്നതനായ കർത്താവേ, നിനക്കു മഹത്വം ഉണ്ടാകട്ടെ.

ജനങ്ങൾ: **കർത്താവിന്റെ നാമത്തിൽ വന്നവനും, വരുവാനിരിക്കുന്നവനും, വാഴ്ത്തപ്പെട്ടവനാകുന്നു. ഉന്നതങ്ങളിൽ സ്തുതി.**

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ശുശ്രൂഷകൻ: ദൈവമേ, നീ പരിശുദ്ധനാകുന്നു.

ജനങ്ങൾ: ദൈവമേ, പരിശുദ്ധനാകുന്നു.

ശുശ്രൂഷകൻ: സർവ്വശക്തനേ, നീ പരിശുദ്ധനാകുന്നു.

ജനങ്ങൾ: സർവ്വശക്തനേ, നീ പരിശുദ്ധനാകുന്നു.

ശുശ്രൂഷകൻ: മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.

ജനങ്ങൾ: ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട ഞങ്ങളുടെ വീണ്ടെടുപ്പുകാരനായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ.

ശുശ്രൂഷകൻ: പരിശുദ്ധാത്മാവായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ.

ജനങ്ങൾ: പരിശുദ്ധാത്മായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ.

ശുശ്രൂഷകൻ: കർത്താവേ, ഞങ്ങളുടെ പ്രാർഥനകളും സ്തോത്രങ്ങളും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

ജനങ്ങൾ: കർത്താവേ, കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.

ശുശ്രൂഷകൻ: *നമുക്കു മുട്ടുകുത്തി മൗനമായി നമ്മെത്തന്നെ ശോധന ചെയ്തു വിശ്വാസത്തോടും അനുതാപത്തോടും കൂടെ ദൈവസന്നിധിയിലേക്ക് അടുത്തു ചെല്ലാം.*

CHRISTIAN MUSICOLOGICAL SOCIETY OF INDIA

എല്ലാവരും മുട്ടുകുത്തണം. അല്പനേരം മൗനമായിരുന്നതിനു ശേഷം (ശുശ്രൂഷകൻ)—റവ. എം. കെ. ജോർജ്—പറയേണ്ടത്:

നമുക്കു നമ്മുടെ പാപങ്ങളെ വിനയമായി സർവ്വശക്തനായ ദൈവത്തോട് ഏററുപറയാം.

എല്ലാവരും കൂടെ:

സ്വർഗസ്ഥ പിതാവേ, ഞങ്ങൾ നിനക്കും ഞങ്ങളുടെ അയൽക്കാർക്കും വിരോധമായി പാപം ചെയ്തിരിക്കുന്നു എന്ന് ഏററുപറയുന്നു. ഞങ്ങൾ പ്രകാശത്തിലല്ല, ഇരുട്ടിലത്രെ നടന്നിരിക്കുന്നത്. ഞങ്ങൾ കർത്താവിൻെറ നാമം ഉച്ചരിക്കുന്നെങ്കിലും, അനീതി വിട്ടകന്നിട്ടില്ല. ഞങ്ങളോടു കരുണയുണ്ടാകണമെ. യേശുക്രിസ്തു നിമിത്തം ഞങ്ങളുടെ സകല പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. നിൻെറ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ വെടിപ്പാക്കണമെ. ഞങ്ങളുടെ മനസ്സാക്ഷികളെ ഉണർത്തണമെ. മററുള്ളവരോട് ഹൃദയപൂർവ്വം ക്ഷമിപ്പാൻ തക്ക പ്രാപ്തി ഞങ്ങൾക്കു നല്കണമെ. നിൻെറ നാമത്തിൻെറ മഹത്വത്തിനായി ജീവൻെറ പുതുക്കത്തിൽ മേലാൽ നിന്നെ സേവിപ്പാൻ ഞങ്ങൾക്കു കൃപ നല്കണമെന്ന് ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. ആമെൻ.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

*The Moderator says:*

Hear the gracious word of God to all who truely turn to him through Jesus Christ.

God so loved the world, that he gave his only begotten son, that whosoever believeth on him should not perish, but have eternal life.
John 3: 16

Faithful is the saying, and worthy of all acceptation that, Christ Jesus came into the world to save sinners. 1 Tim. 1: 15

*After a short silence:—*

Almighty God, our heavenly Father, who of his great mercy has promised forgiveness of sins to all who forgive their brethren and with hearty repentance and true faith turn unto him: have mercy upon you; pardon and deliver you from all your sins; confirm and strengthen you in all goodness; and bring you to eternal life; through Jesus Christ our Lord.

ജന: ആമെൻ. ദൈവമേ നിനക്കു സ്തോത്രം.

## 2. Presentation of the Bishop–Elect:

*The Bishop elect is presented to the Moderator by the Presbysters Rev. M. K. George, Rev. M. M. Andrews and Rev. P. D. John of the Diocese to which he is appointed and Rev. M. K. George to say:*

Reverend Father in God, we present unto you this Godly and well-learned man to be, Consecrated Bishop.

*The Moderator says:*

Let the instrument of his election and appointment be read.

*The General Secretary of the Synod reads the instrument.*

*The Moderator says to the people:*

Beloved, this is he whom we intend, God willing, this day, to consecrate Bishop, you have heard that he has been duly elected and appointed and that the appointment has been confirmed by those who have authority to do so. We therefore ask you to declare your assent.

*The people stand, and the Moderator says:*

We are not sufficient of ourselves; our sufficiency is from God.
Do you trust that he is, by God's grace, worthy to be consecrated?

*ജനങ്ങൾ ഉച്ചത്തിൽ പറയേണ്ടത്:* ഇദ്ദേഹം യോഗ്യൻ എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിനു മഹത്വമുണ്ടാകട്ടെ.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## 3. ദൈവവചനത്തിന്റെ ശുശ്രൂഷ

ശുശ്രൂഷകൻ: [റവ. ജോൺ ചാണ്ടി]
കർത്താവു നിങ്ങളോടുകൂടെ ഇരിക്കട്ടെ.

ജനങ്ങൾ: നിങ്ങളുടെ ആത്മാവോടുകൂടെയും.

### നമുക്ക് പ്രാർഥിക്കാം

നിന്റെ ഏക ആത്മാവിനാൽ നിന്റെ സഭയിൽ വിവിധ ശുശ്രൂഷാസ്ഥാനങ്ങളെ നിയമിച്ചിരിക്കുന്ന സകല നല്ല ദാനങ്ങളുടെയും ദാതാവായ സർവ്വശക്തനായ ദൈവമേ, ഇപ്പോൾ ബിഷപ്പ് സ്ഥാനത്തേക്ക് വിളിക്കപ്പെട്ടിരിക്കുന്ന നിന്റെ ഈ ദാസനെ കരുണയോടെ നോക്കണമെ. നിന്റെ നാമത്തിന്റെ മഹത്വത്തിനും തിരുസഭയുടെ കെട്ടുപണിക്കുമായി വചനംകൊണ്ടും നല്ല ദൃഷ്ടാന്തം കൊണ്ടും ഇവൻ വിശ്വസ്തതയോടും സന്തോഷത്തോടും നിന്നെ സേവിക്കേണ്ടതിന് ഇവനിൽ നിന്റെ സുവിശേഷ സത്യം വർധിപ്പിച്ച് പെരുക്കുകയും നിഷ്ക്കളങ്ക ജീവിതത്താൽ ഇവനെ അലങ്കരിക്കുകയും നിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഇവനെ നിറയ്ക്കുകയും ചെയ്യണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്നവനായ ഞങ്ങളുടെ രക്ഷിതാവായ യേശുക്രിസ്തുവിന്റെ യോഗ്യതകൾ മൂലം ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. ആമെൻ.

പഴയനിയമ പാഠം. യെഹെ. 34: 11—16. (മി. ജെ. സി. ഇട്ടിയര).

സങ്കീ. 119. 105 മുതൽ 112 വരെ. (മി. വർക്കി ജോർജ്).

''നിന്റെ വചനം എന്റെ കാലിന് ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു.

നിന്റെ നീതിയുളള വിധികളെ പ്രമാണിക്കുമെന്നു ഞാൻ സത്യം ചെയ്തു; അതു ഞാൻ നിവർത്തിക്കും.

''ഞാൻ മഹാ കഷ്ടത്തിലായിരിക്കുന്നു; യഹോവേ, നിന്റെ വാഗ്ദാനപ്രകാരം എന്നെ ജീവിപ്പിക്കേണമെ.''

യഹോവേ, എന്റെ വായുടെ സ്വമേധാദാനങ്ങളിൽ പ്രസാദിക്കേണമേ, നിന്റെ വിധികളെ എനിക്ക് ഉപദേശിച്ചുതരേണമെ.

ഞാൻ പ്രാണത്യാഗം ചെയ്‌വാൻ എല്ലായ്പോഴും ഒരുങ്ങിയിരിക്കുന്നു; എങ്കിലും നിന്റെ ന്യായപ്രമാണം ഞാൻ മറക്കുന്നില്ല.

ദുഷ്ടൻമാർ എനിക്ക് കെണിവച്ചിരിക്കുന്നു: എന്നാലും ഞാൻ നിന്റെ പ്രമാണങ്ങളെ ഉപേക്ഷിക്കുന്നില്ല.

ഞാൻ നിന്റെ സാക്ഷ്യങ്ങളെ ശാശ്വതാവകാശമാക്കിയിരിക്കുന്നു. അവ എന്റെ ഹൃദയത്തിന്റെ ആനന്ദമാകുന്നു.

നിന്റെ ചട്ടങ്ങളെ ഇടവിടാതെ എന്നേക്കും ആചരിപ്പാൻ ഞാൻ എന്റെ ഹൃദയത്തെ ചായിച്ചിരിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ....... ഇത്യാദി

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS